LIBRARY ARCHIVES Kerala Legislative Assembly

മൂന്നിയൂർ പഞ്ചായത്തിലെ ജലനിധി പദ്ധതി

195(5642) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ മൂന്നിയൂർ പഞ്ചായത്തിലെ ജലനിധി പദ്ധതിയുടെ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ പ്രശ്നങ്ങളിൽ തീർപ്പ് കൽപ്പിച്ചുകൊണ്ട് ജില്ലാ കളക്ടർ പുറപ്പെടുവിച്ച ഉത്തരവിൽ പുഴയിലേയ്ക്കുള്ള റോഡ് അഞ്ച് മീറ്റർ വീതിയിൽ നിർമ്മിക്കണമെന്നുള്ള വ്യവസ്ഥയുണ്ടായിരുന്നതിനാൽ നേരത്തെ നിർമ്മിച്ച കിണറിന്റെ പകുതി ഭാഗം കോൺക്രീറ്റ് ചെയ്ത് റോഡ് സൗകര്യമൊരുക്കുന്നതിന് നിലവിലെ ഡി.പി.ആർ.-ൽ ഭേദഗതി വരുത്തണമെന്നുള്ള നിർദ്ദേശത്തിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ പഴയ കാവിന്റെ ഭാഗമായ കണ്ടൻകടവ് എന്ന സ്ഥലത്ത് പുഴയിലേയ്ക്ക് ഇറങ്ങുന്ന റോഡ് അവസാനിക്കുന്ന ഭാഗത്ത്, പുഴയുടെ ഓരത്തായാണ് 6 മീറ്റർ വ്യാസമുള്ള കിണർ നിർമ്മിച്ചിരിക്കുന്നത്. മലപ്പുറം ജില്ലാ കളക്ടറുടെ 5-1-2021-ലെ ഉത്തരവിൽ കടവിലേയ്ക്ക് ഫയർ എഞ്ചിൻ കടന്നുപോകാൻ സൗകര്യപ്രദമായ രീതിയിൽ വഴി സൗകര്യം മൂന്നിയൂർ പഞ്ചായത്ത് അധികൃതരും ജലനിധി അധികൃതരും ഉറപ്പുവരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഫയർഎഞ്ചിന് പുഴയുടെ സമീപത്തേയ്ക്ക് എത്തുന്നതിന് കിണർ ഒരു തടസ്സമല്ല, എന്നാൽ കിണറിന്റെ പകുതിഭാഗം കോൺക്രീറ്റ് ചെയ്ത് അടച്ചാൽ കൂടിവെള്ള പദ്ധതിക്കാവശ്യമായ പമ്പ് സെറ്റുകൾ, പാനൽ ബോർഡ്, വാൽവുകൾ, പൈപ്പ് മാനിഫോൾഡ് മറ്റ് അനുബന്ധ ഉപകരണങ്ങൾ ഇവയൊന്നും സ്ഥാപിക്കാൻ കഴിയില്ല. കിണറിന്റെ പകുതി ഭാഗം കോൺക്രീറ്റ് ചെയ്ത് റോഡ് തുടങ്ങുന്ന ഭാഗത്തുനിന്നും അപ്രോച്ച് റോഡ് നിർമ്മിച്ചാൽ പുഴയുടെ തീരത്തുനിന്നും വെള്ളിന്റെ മുകളിൽ 3½m ഉയരത്തിലാണെത്തുക. ഇത് തികച്ചും പ്രയോജനരഹിതവും അപ്രായോഗികവുമായ നിർദ്ദേശമാണ്. ഫയർഎഞ്ചിനുകൾക്ക് വെള്ളം ശേഖരിക്കാനും പൊതുജനങ്ങൾക്ക് ആവശ്യമെങ്കിൽ പുഴയിലേയ്ക്ക് ഇറങ്ങുന്നതിനും ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന കിണർ ഒരുതടസ്സമല്ല. ഈ വസ്തുതകൾ സ്റ്റീം ലെവൽ കമ്മറ്റി ഭാരവാഹികളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

ഇരിങ്ങൽ നിയോജകമണ്ഡലത്തിലെ വിവിധ കുടിവെള്ള പദ്ധതികൾ

196(5643) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങൽ നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ട്, ലോക ബാങ്ക് ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് സർക്കാർ ഫണ്ടുകൾ എന്നിവയുപയോഗിച്ച് നിലവിൽ നടപ്പിലാക്കിവരുന്ന വിവിധ കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഇവയിൽ ഏതെങ്കിലും പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ട ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജലനിധി സുസ്ഥിര നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 44 പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. ഭ്രദാനം, കുടിവെള്ള പദ്ധതി, ഞണ്ണമല, എസ്.ടി. കോളനി കുടിവെള്ള പദ്ധതി നവീകരണം, മാപ്പിനി നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി നവീകരണം, പ്ലാരി പൊതുകിണർ എന്നീ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതാണ്. ആലക്കോട് ഗ്രാമപഞ്ചായത്തിലെ രയരോം, കരുവഞ്ചാൽ, ചെറുപാറ എന്നീ പദ്ധതികൾ സുസ്ഥിര വികസന പദ്ധതിയിലുൾപ്പെടുത്തി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

ജൽജീവൻ മിഷൻ

197(5644) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുടിവെള്ള വിതരണ മേഖലയിൽ എത്ര പുതിയ പൈപ്പ് കണക്ഷൻ നൽകിയിരുന്നുവെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുടിവെള്ള വിതരണ മേഖലയിൽ കേരള വാട്ടർ അതോറിറ്റി മുഖേന 13,61,314 പൈപ്പ് കണക്ഷനുകളും ജലനിധി രണ്ടാം ഘട്ട പദ്ധതി വഴി 1.76 ലക്ഷം കുടുംബങ്ങൾക്കും പൈപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ജൽജീവൻ മിഷൻ പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതുവരെയായി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 24.01

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly